ഫോറസ്റ്റ് പാസ്സ് നിർബന്ധമാക്കിയിട്ടുണ്ട്. ഇപ്രകാരം നൽകുന്ന പാസ്സിന്റെ ദുരുപയോഗം തടയുന്നതിന് പാസ്സിന്റെ കാലാവധി യഥാർത്ഥത്തിൽ ലക്ഷ്യസ്ഥാനത്ത് എത്തുവാനുള്ള സമയമായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ശ്രീ. നൗഷാദ്ഖാൻ, ശ്രീ. കെ. സി. രവീന്ദ്രൻ എന്നിവർ കായംകുളം എൻ.റ്റി.പി.സി.-യുടെ പണിക്കായി കുളത്തൂപ്പുഴ റെയിഞ്ചിൽനിന്നും മണൽ ശേഖരിച്ചതു സംബന്ധിച്ചാണ് ആരോപണമുണ്ടായിട്ടുള്ളത്.

(ഇ) സംസ്ഥാന വിജിലൻസ് ഇതേപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്.

കണ്ടൽക്കാടുകളെക്കുറിച്ച് പഠനം

84 [4823] ശ്രീ. പിരപ്പൻകോട് മുരളി:

,, കെ. പി. സതീശ് ചന്ദ്രൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കണ്ടൽക്കാടുകളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടൽക്കാടുകളുടെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ?

ഉത്തരം

(എ) ഉണ്ട്. 1991-92 കാലഘട്ടത്തിൽ കണ്ടൽക്കാടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ബി) കേരളത്തിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും വികസനത്തിനുമായി 88.17 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനും ധനസഹായത്തിനുമായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം നടത്തുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു.

എസ്റ്റേറ്റുകൾക്കായി പാട്ടത്തിന് കൊടുത്തിട്ടുള്ള വനഭൂമിയും പാട്ടം തുക പുതുക്കുന്നതിന് നിയമനിർമ്മാണവും

85 [4826] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, എ. പി. അനിൽകുമാർ:

,, പി. ടി. തോമസ്:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തുള്ള വനഭൂമിയിൽനിന്നും എത്ര ഹെക്ടർ സ്ഥലം എസ്റ്റേറ്റുകൾക്കായി പാട്ടത്തിന് കൊടുത്തിട്ടുണ്ട്;

(ബി) ഈ സ്ഥലത്തിന് ഓരോ ഹെക്ടറിനും എന്തു തുക പാട്ടം തുക ലഭിക്കുന്നു;

(സി) പ്രസ്തുത പാട്ടം പുതുക്കുന്നതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതനുസരിച്ച് പാട്ടം പുതുക്കിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 8538.60 ഹെക്ടർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് എസ്റ്റേറ്റുകൾക്കായി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) ഹെക്ടറിന് 3.71 രൂപ മുതൽ 29.07 രൂപ വരെയുള്ള വ്യത്യസ്ത നിരക്കിൽപ്പെട്ട വാടകയാണ് ലഭിക്കുന്നത്.

(സി) ഉണ്ട്.

(ഡി) പുതുക്കിയിട്ടില്ല.

ചെറുകിട വനവിഭവങ്ങൾ ശേഖരിച്ചു വിൽപ്പന നടത്തുന്ന സഹകരണ സംഘങ്ങൾ

86 [4827] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളിൽനിന്നും ചെറുകിട വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് അവകാശമുള്ള എത്ര സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതുകൂടാതെ ചെറുകിട വനവിഭവ ശേഖരണത്തിന് ചുമതലപ്പെട്ട മറ്റെന്തെങ്കിലും സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ;

(സി) ഈ സമിതികളുടെ ഘടനയെക്കുറിച്ച് വിശദമാക്കാമോ;

(ഡി) ഇത്തരം സമിതികളിൽ ആദിവാസികളല്ലാത്തവർക്ക് അംഗത്വവും സ്ഥാനങ്ങളും നൽകുന്നത് പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകും എന്ന കാരണത്താൽ പ്രസ്തുത സമിതികളിൽ ആദിവാസികൾക്ക് മാത്രമേ അംഗത്വം നൽകാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചു കൊണ്ട് ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനങ്ങളിൽനിന്ന് ചെറുകിട വനവിഭവങ്ങൾ ശേഖരണം നടത്തുന്നതിന് നിലവിൽ സംസ്ഥാനത്ത് മുപ്പത് പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കാണ് അവകാശമുള്ളത്. എന്നാൽ ഈ സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾ വിപണനം നടത്തുന്നത് കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനോ അവർ നിർദ്ദേശിക്കുന്ന സ്ഥാപനമോ ആണ്.

LIBRARY ARCHIVES Kerala Legislative Assembly